## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2077** **16.08.2017-ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറികൾ**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിപണനം പുനരാരംഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലോട്ടറികളാണ് വിപണനം പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നിയമ വിരുദ്ധമായി മിസ്സോറാം സ്റ്റേറ്റ് ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്തിനുള്ളിൽ സ്റ്റോക്ക് ചെയ്യുന്നതായ വാർത്തയെ തുടർന്ന് അനധികൃതമായി സ്റ്റോക്ക് ചെയ്ത ടിക്കറ്റുകൾ റെയ്ഡു നടത്തി പോലീസു പിടിച്ചെടുക്കുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേരളത്തിൽ മിസ്സോറാം സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നതല്ലയെന്ന് മിസ്സോറാം സർക്കാർ അറിയിച്ചിട്ടുണ്ട്. മറ്റു സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഇതര സംസ്ഥാന ലോട്ടറികളുടെ സംസ്ഥാനത്തിനുള്ളിലെ വിപണനം തടയുന്നതിന് സർക്കാരിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ അറിയിക്കുമോ; | (ബി) | GST നിയമം പ്രയോഗത്തിൽ വന്നതിനു ശേഷം, ടി നിയമം അനുശാസിക്കുന്ന 28% GST ഒടുക്കിയും 1998-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം, 2010-ലെ കേന്ദ്ര ലോട്ടറി റെഗുലേഷൻ റൂൾ, എസ്.ജി.എസ്.ടി നിയമം, ചട്ടങ്ങൾ എന്നിവ പാലിച്ചും കൊണ്ട് മാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറികൾ നടത്താനാകൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കർശന നിലപാടാണ് സ്വീകരിക്കുന്നത്. |
| (സി) | ഇതര സംസ്ഥാന ലോട്ടറികളുടെ വിപണനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമല്ലാതാകുന്നതിന്റെ കാരണം വിശദമാക്കുമോ? | (സി) | ഇതര സംസ്ഥാന ലോട്ടറികളുടെ വിപണനം നേരിടാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണ്. നിയമപരമല്ലാതെ വിപണനം നടത്താനൊരുങ്ങിയ മിസ്സോറാം സർക്കാരിന്റെ ലോട്ടറികൾ റെയ്ഡു നടത്തി പോലീസ് പിടിച്ചെടുക്കുകയും അതിനുത്തര വാദികളായവർക്കെതിരെ കേസ് രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ, ഇതര സംസ്ഥാന ഭാഗ്യക്കുറികൾ വിൽക്കാൻ മുതിരുന്ന പക്ഷം, അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.റ്റി നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ച ഇല്ലാതെ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**